ഉത്തരം

(എ) ടെക്നോപാർക്കിൽ 15.2 കോടി രൂപയുടേയും കെ.എസ്.ഐ.ഡി.സി.യിൽ 93 കോടി രൂപയുടേയും കിൻഫ്രയിൽ 19 കോടി രൂപയുടെയും നിക്ഷേപം ഈ സാമ്പത്തികവർഷം ഉണ്ടായിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 24241.82 ലക്ഷം രൂപയുടെയും.

(ബി) ഇല്ല.

(സി) ടെക്നോപാർക്കിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി 56,000 ച.അടി വിസ്തീർണ്ണമുള്ള ഒരു പുതിയ കെട്ടിട നിർമ്മാണം തുടങ്ങി. കൂടാതെ വി.എസ്.എൻ.എൽ.ന്റെ സാറ്റലൈറ്റ് എർത്തു സ്റ്റേഷനും പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടെക്നോപാർക്കിന്റെ വികസനത്തിനായി ഒരു "ജോയിന്റ് വെഞ്ചർ കമ്പനി" തുടങ്ങുന്നതിനുവേണ്ടിയുള്ള ചർച്ച നടന്നുവരികയാണ്. ഈ സാമ്പത്തികവർഷത്തിന്റെ അവസാനത്തോടെ കമ്പനി നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ഐ.ഡി.സി. ഇപ്പോൾ ഏകദേശം 1213 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 82 പദ്ധതികൾ നടപ്പിലാക്കിവരികയാണ്. അതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പുതിയ പ്രോജക്ടുകൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി എല്ലാ അടിസ്ഥാനസൗകര്യങ്ങളുമൊരുക്കിയിട്ടുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങളും പാർക്കുകളും സ്ഥാപിച്ചുവരുന്നു.

2. സ്വകാര്യ മുതൽമുടക്കോടെ പാലം, റോഡ്, തുറമുഖം, വിമാനത്താവളം എന്നിവ നിർമ്മിക്കുന്നു.

3. ഐ.റ്റി., ബയോടെക്നോളജി എന്നീ ഹൈടെക് വ്യവസായ മേഖലയിലെ സംരംഭകർക്കായി വെഞ്ചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിക്കുന്നു.

4. ഐ.റ്റി. രംഗത്ത് കൂടുതൽ ഗവേഷണത്തിലും പരിശീലനത്തിനുമായി ഒരു സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കുന്നു.

5. വിദേശികളെയും പ്രവാസികളെയും സ്വാഗതം ചെയ്യുവാനായി പല നടപടികളുമെടുത്തുവരുന്നു.

കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായം സ്ഥാപിക്കുന്നതു സംബന്ധിച്ച് സംസ്ഥാനത്തും, ഇതര സംസ്ഥാനങ്ങളിലും വിദേശത്തുമുള്ള വ്യവസായ ഗ്രൂപ്പുകളുമായും വ്യവസായികളുമായും വിശദമായ ചർച്ചകൾ നടത്തുകയും തുടർന്ന് വ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

233 (1412) വ്യവസായ മൂലധന നിക്ഷേപത്തെപ്പറ്റി പഠനം

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ വ്യവസായ മൂലധന നിക്ഷേപത്തെപ്പറ്റി ഏതെങ്കിലും ഏജൻസി ഈ അടുത്ത കാലത്ത് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതനുസരിച്ച് മൂലധന നിക്ഷേപത്തിന് ഏത് സംസ്ഥാനമാണ് മുമ്പന്തിയിൽ നിൽക്കുന്നത് എന്ന് പഠനത്തിലുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) കേരളം എത്രാമത്തെ സ്ഥാനത്താണ്;

(ഇ) ഇപ്പോൾ കേരളത്തിന്റെ മൂലധന നിക്ഷേപം എത്ര; ഇതിൽ ആഭ്യന്തരവും വിദേശവും പ്രത്യേകം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സി.എം.ഐ.ഇ. (സെന്റർ ഫോർ മോണിറ്ററിംഗ് ഇൻഡ്യൻ എക്കണോമി) എന്ന സ്ഥാപനം ഇങ്ങനെയൊരു പഠനം നടത്തിയതായുള്ള പത്രറിപ്പോർട്ടുണ്ട്.

(സി) ഒക്ടോബർ 31 വരെയുള്ള നാലുമാസക്കാലത്ത് മഹാരാഷ്ട്ര യായിരുന്നു ഒന്നാം സ്ഥാനത്ത്.

(ഡി) അവരുടെ റിപ്പോർട്ടനുസരിച്ച് ആറാം സ്ഥാനമാണ് കേരളത്തിനുള്ളത്.

(ഇ) 30/11/99 വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ മൂലധന നിക്ഷേപം 2895.86 കോടി രൂപയാണ്. ചെറുകിട വ്യവസായ മേഖലയിൽ വിദേശ നിക്ഷേപം ഇല്ല.

ടെക്നോ പാർക്ക്

എൻ.ആർ.ഐ+വിദേശം - 60.45 കോടി

(വിദേശം 37.75+എൻ.ആർ.ഐ. 22.70)

ആഭ്യന്തരം - 21.85 കോടി

കിൻഫ്ര

വിദേശം - ഇല്ല

ആഭ്യന്തരം - 121.561 കോടി

കെ.എസ്.ഐ.ഡി.സി. - വിദേശം+പ്രവാസി - ഏകദേശം 200 കോടി

ആഭ്യന്തരം - ഏകദേശം 3300 കോടി

234 (1413) ചെറുകിട വ്യവസായങ്ങൾക്കുള്ള സബ്സിഡി

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനാർത്ഥം പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് എന്തെല്ലാം സൗജന്യങ്ങൾ നൽകുന്നുണ്ട്.

(ബി) ഈ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ;

(സി) സബ്സിഡിക്കുള്ള എത്ര അപേക്ഷകൾ പെന്റിംഗ് ആയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly